## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 153** **28.06.2016-ൽ മറുപടിയ്ക്ക്**

## കണ്ണൂർ ജില്ലയിലെ മാട്ടൂൽ പി.എച്ച്.സി

| ചോദ്യം<br><br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br><br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | കണ്ണൂർ ജില്ലയിലെ മാട്ടൂൽ പി.എച്ച്.സി യുടെ ശോചനീയവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | എ | നിലവിൽ മാട്ടൂൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രണ്ട് ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇവിടെ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. അവർ പ്രസവാവധിയിലാണ്. ഒഴിവുള്ള ഒരു ഡോക്ടറുടെ തസ്തികയിൽ അഡ്ഹോക്ക് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പഴയങ്ങാടി താലൂക്ക് ആശുപത്രി സൂപ്രണ്ടിനാണ് മെഡിക്കൽ ആഫീസറുടെ അധിക ചുമതലയുള്ളത്. മറ്റ് മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി ലിസ്റ്റിൽ നിന്നും പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്.<br><br>ടി സ്ഥാപനത്തിൽ ദിവസേന എത്തുന്ന 180 രോഗികൾക്ക് മെച്ചപ്പെട്ട ഒ.പി ചികിത്സ, ലാബ്/ഇ.സി.ജി പരിശോധനകൾ, ആവശ്യമായ മരുന്നുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന് വേണ്ട കെട്ടിടാടിസ്ഥാന ഭൗതികസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിട നവീകരണ/അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വരുന്നു. |

P. Anju

**സെക്ഷൻ ഓഫീസർ**